സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 60 | ലക്കം: 55 | 2025 മെയ് 13 ചൊവ്വ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം

പത്രത്തിന്റെ

ഓൺലൈൻസന്ദർശിക്കുക

Visit

Swathanthra Mandapam Online

www.swathanthramandapam.com

## ബസിറങ്ങി റോഡ് മുറിച്ചുകടക്കാൻ ശ്രമിച്ച വയോധികൻ അതേ ബസിടിച്ച് മരിച്ചു

കുണ്ടറ: കൊല്ലം കുണ്ടറ നല്ലിലയിൽ ബസിറങ്ങി റോഡ് മുറിച്ചുകടക്കുന്നതിനിടെ വയോധികൻ അതേ ബസിടിച്ച് മരിച്ചു. അഷ്ടമുടി വള്ളക്കടവ് മറ്റശേരി പുത്തൻവീട്ടിൽ ഷാജു സക്കറിയ (73) ആണ് മരിച്ചത്. അഞ്ചാലുംമൂട്ടിൽനിന്ന് കൊല്ലം–വെളിയം സർവീസ് നടത്തുന്ന സ്വകാര്യ ബസിൽ നല്ലിലയിലെ ബന്ധുവീട്ടിൽ എത്തിയതായിരുന്നു ഷാജു സക്കറിയ. നല്ലില ജംഗ്ഷനിൽ ഇറങ്ങിയ ശേഷം ബസിന്റെ ഇടതുവശത്ത് കൂടി റോഡ് മുറിച്ചുകടക്കുന്നതിനിടെ അതേ ബസ് ഇടിക്കുകയായിരുന്നു. വെളിയത്തേക്ക് പോകുന്നതിനായി ആൽമാവ് മുക്ക്-നല്ലില റോഡിൽനിന്ന് ഇടത്തേക്ക് തിരഞ്ഞ ബസ് ഷാജു സക്കറിയയെ ഇടിച്ചു. ഇടിയുടെ ആഘാതത്തിൽ റോഡിലേക്ക് വീണ ഷാജു സക്കറിയയുടെ ശരീരത്തിലൂടെ ബസിന്റെ മുൻചക്രം കയറിയിറങ്ങി.

# പുനഃസംഘടനയിൽ ഇടഞ്ഞ് കെ.സുധാകരൻ, ഡൽഹിക്കില്ല; എംപിമാർക്കും അതൃപ്തി

### എഐസിസി വിളിച്ച യോഗം ഡൽഹിയിൽ കെ.സുധാകരൻ കണ്ണൂരിലേക്ക് മടങ്ങി ആർക്കും അതൃപ്തിയില്ലെന്ന് സണ്ണി ജോസഫ്



തിരു: തിരഞ്ഞെടുപ്പ് ഒരുക്കങ്ങളും പുനഃസംഘടനയുമുൾപ്പടെ ചർച്ച ചെയ്യാൻ എഐസിസി വിളിച്ച യോഗത്തിൽ കെ.സുധാകരൻ പങ്കെടുക്കില്ല. തിരുവനന്തപുരത്തുണ്ടായിരുന്ന സുധാകരൻ കണ്ണൂരിലേക്ക് മടങ്ങി. എഐസിസി വിളിച്ച യോഗത്തിൽ ഇന്നലെ ചുമതലയേറ്റെടുത്ത കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫും വർക്കിങ് പ്രസിഡൻറുമാരും യുഡിഎഫ് കൺവീനറും പ്രധാന നേതാക്കളും പങ്കെടുക്കും. തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ സംസ്ഥാനങ്ങളിലെ മുന്നൊരുക്കങ്ങൾ എല്ലാ മാസവും വിലയിരുത്താൻ എഐസിസി നേരത്തെ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായിട്ടാണ് യോഗം. സംഘടനാപരമായ പൊളിച്ചെഴുത്തുകൾ നടത്താൻ സണ്ണി ജോസഫിന് പൂർണ സ്വാതന്ത്ര്യമുണ്ടാകുമെന്ന് കെ.സി. വേണുഗോപാൽ നേരത്തെ വ്യക്തമാക്കിയിരുന്നു.

അതേസമയം നേതൃമാറ്റത്തിൽ അതൃപ്തിയുണ്ടെന്ന് എംപിമാർ വ്യക്തമാക്കിയതായി റിപ്പോർട്ടുകൾ പുറത്തുവന്നു. കെപിസിസി നേതൃമാറ്റം കൂടിയാലോചിച്ചില്ലെന്നാണ് എംപിമാരുടെ പരാതി. ഇതാണ് ചുമതലേറ്റെടുക്കൽ ചടങ്ങിൽ നിന്ന് വിട്ടുനാൽക്കാൻ കാരണമെന്നും നേതാക്കൾ പറയുന്നു. ശശി തരൂർ, എം.കെ.രാഘവൻ, ബെന്നി ബഹനാൻ, ഡീൻ കുര്യാക്കോസ് എന്നിവരാണ് ഇന്നലത്തെ ചടങ്ങിൽ നിന്നൊഴിഞ്ഞ് നിന്നത്.

അതേസമയം, പുനഃസംഘടനയെ കുറിച്ച് ഇപ്പോൾ ഒന്നും പറയുന്നില്ലെന്നും അതൃപ്തി ഉള്ളതായി അറിയില്ലെന്നും അടൂർ പ്രകാശ് പ്രതികരിച്ചു. അഭിപ്രായ ഭിന്നതയുണ്ടെങ്കിൽ കൊടിക്കുന്നിൽ സുരേഷ് എഐസിസിയെ അറിയിക്കുകയാണ് വേണ്ടതെന്നും എല്ലാം എഐസിസി പറയുന്നത് പ്രകാരമാണെന്നും അടൂർ പ്രകാശ് കൂട്ടിച്ചേർത്തു.

പുനഃസംഘടനയിൽ ആർക്കും അതൃപ്തിയില്ലെന്നും ഇന്നലത്തെ ചടങ്ങിൽ ചില നേതാക്കൾ പങ്കെടുക്കാതിരുന്നത് മറ്റ് അസൗകര്യങ്ങൾ കാരണമാണെന്നുമായിരുന്നു സണ്ണി ജോസഫ് മാധ്യമങ്ങളോട് പ്രതികരിച്ചത്.

## ക്ഷേമ പെൻഷൻ: 40.50 കോടി രൂപ ഇൻസെന്റിവ്അനുവദിച്ചു

തിരു : സാമൂഹികസുരക്ഷാ പെൻഷൻ വീട്ടിലെത്തിക്കുന്നതിന്റെ ഇൻസെന്റിവായി 40.50 കോടി രൂപ അനുവദിച്ചതായി ധന മന്ത്രി കെ. എൻ ബാലഗോപാൽ അറിയിച്ചു.

ആറു മാസത്തെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് ലഭിക്കേണ്ട ഇൻസെന്റീവ് അനുവദിക്കണമെന്ന ശിപാർശ ലഭിച്ചപ്പോൾ തന്നെ തുക അനുവദിക്കുകയായിരുന്നു. 22.76 ലക്ഷം ഗുണഭോക്താക്കൾക്കാണ് സഹകരണ സംഘങ്ങൾ വഴി നേരിട്ട് ക്ഷേമ പെൻഷൻ എത്തിക്കുന്നത് ഓരോ ഗുണഭോക്താവിനും 30 രൂപ വീതം ഇൻസെന്റീവ്അനുവദിക്കുന്നുണ്ട്.

സംഘങ്ങൾ ഏർപ്പെടുത്തുന്ന വിതരണക്കാരുടെ പ്രതിഫലവും ഇതിൽനിന്നാണ് വിതരണം ചെയ്യുന്നത്.

## ഷോപ്പിയാനിൽ ഏറ്റുമുട്ടൽ; മൂന്ന് ലഷ്കറെ തൊയ്ബ ഭീകരരെ വധിച്ച് സൈന്യം



ശ്രീനഗർ: ജമ്മു കശ്മീരിലെ ഷോപ്പിയാനിൽ സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. മൂന്ന് ലഷ്കറെ ഭീകരരെ വധിച്ചതായി ബന്ധപ്പെട്ട വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇവരിൽ പ്രദേശവാസിയായ ഷാഹിദ് എന്ന ലഷ്കറെ ഭീകരനെ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് ഇന്ത്യാ ടുഡേ റിപ്പോർട്ട് ചെയ്യുന്നു. സിൻപഥേർ കെല്ലർ പ്രദേശത്ത് ഇന്ന് നടന്ന ഏറ്റുമുട്ടലിലാണ് സൈന്യം ഭീകരരെ വധിച്ചത്.

പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചതായി കരുതപ്പെടുന്ന ആദിൽ ഹുസൈൻ തോക്കർ, അലി ഭായ്, ഹാഷിം മൂസ എന്നിവരെ പിടികൂടുന്നതിനായി സുരക്ഷാ ഏജൻസികൾ പോസ്റ്ററുകൾ സ്ഥാപിച്ചതിന് തൊട്ടു പിന്നാലെയാണ് ഏറ്റുമുട്ടൽ. വിശ്വസനീയമായ വിവരം നൽകുന്നവർക്ക് 20 ലക്ഷം രൂപ പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്.

## കരിപ്പൂർ വിമാനത്താവളത്തിൽ വൻ കഞ്ചാവ് വേട്ട

മലപ്പുറം: കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഒമ്പത് കോടിയുടെ ഹൈബ്രിഡ് കഞ്ചാവ് പിടികൂടി. അബുദാബിയിൽ നിന്ന് കൊണ്ടുവന്ന 18 കിലോ കഞ്ചാവാണ് പൊലീസ് പിടിച്ചെടുത്തത്. കഞ്ചാവ് കൈപ്പറ്റാൻ എത്തിയ കണ്ണൂർ മട്ടന്നൂർ സ്വദേശികളായ രണ്ടുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. പ്രിൻജിൽ (35), റോഷൻ ആർ ബാബു (33) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. രക്ഷപ്പെട്ട യാത്രക്കാരനായി അന്വേഷണം ആരംഭിച്ചു. തിങ്കളാഴ്ച രാത്രിയാണ് സംഭവം നടന്നത്. ട്രോളിബാഗിലായിരുന്നു കഞ്ചാവ് കൊണ്ടുവന്നത്.

അതേസമയം, കഴിഞ്ഞ ദിവസം കഞ്ചാവ് കടത്തിന് പുതുതന്ത്രമൊരുക്കിയ 4പശ്ചിമ ബംഗാൾ സ്വദേശികളെ നെടുമ്പാശേരിയിൽ നിന്ന് പൊലീസ് പിടികൂടി. 200 സൈക്കിൾ പമ്പുകൾക്കുള്ളിൽ കുത്തിനിറച്ച് കൊണ്ടുവന്ന 24 കിലോയോളം കഞ്ചാവുമായി മൂർഷിദാബാദ് സ്വദേശികളായ റാഖിബുൽ മൊല്ല (21), സിറാജുൽ മുൻഷി (30), റാബി (42), സെയ്ഫുൽ ഷെയ്ഖ് (36) എന്നിവരെയാണ് റൂറൽ ജില്ലാ ഡാൻസാഫ് ടീമും നെടുമ്പാശേരി പൊലീസും ചേർന്ന് അറസ്റ്റ് ചെയ്തത്.

ജില്ലാ പൊലീസ് മേധാവി എം. ഹേമലതക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിൽ നെടുമ്പാശേരി എയർപ്പോർട്ട് സിഗ്നൽ ജംഗ്ഷനിൽ നിന്നാണ് ഇവരെ കസ്റ്റഡിയിലെടുത്തത്.

## ആദംപുർ വ്യോമത്താവളത്തിൽ അപ്രതീക്ഷിത സന്ദർശനം നടത്തി പ്രധാനമന്ത്രി; സൈനികരുമായി സംവദിച്ചു



ന്യൂഡൽഹി: പാകിസ്താനെതിരായ സംഘർഷത്തിനിടെ പഞ്ചാബിലുള്ള ആദംപുർ വ്യോമത്താവളത്തിൽ അപ്രതീക്ഷിത സന്ദർശനം നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ന് രാവിലെയാണ് പ്രധാനമന്ത്രി ഇങ്ങോട്ടേക്കെത്തിയത്. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് വ്യോമസേന ഉദ്യോഗസ്ഥർ പ്രധാനമന്ത്രിയോട് കാര്യങ്ങൾ വിശദീകരിച്ചു. വ്യോമത്താവളത്തിലെ സൈനികരുമായി പ്രധാനമന്ത്രി സംവദിക്കുകയും രാജ്യത്തിന്റ നന്ദി അറിയിക്കുകയും ചെയ്തു.

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച് കഴിഞ്ഞ ദിവസം രാത്രി പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചിരുന്നു.

ആണവശേഷിയുടെ പേരിൽ പാകിസ്താൻ ഭീഷണിയും വിലപേശലും നടത്തുന്നത് ഇന്ത്യ ഒരിക്കലും വെച്ചുപൊറുപ്പിക്കില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞിരുന്നു. ഓപ്പറേഷൻ സിന്ദൂർ എന്നത് വെറുമൊരു പേരല്ല, നയമാണ്. ഇന്ത്യൻ സൈനികരുടെ കരുത്തിൽ തോൽവികണ്ട പാകിസ്താൻ സഹായത്തിനായി പരക്കംപായുകയായിരുന്നു. പാകിസ്താനെതിരായ സൈനികനടപടി തത്കാലം മരവിപ്പിക്കുക മാത്രമാണ് ചെയ്തതെന്നും ഭീകരതയും ചർച്ചയും ഒന്നിച്ചുപോകില്ലെന്നും മോദി പറഞ്ഞു.

രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരത, പാക് അധിനിവേശ കശ്മീർ എന്നീവിഷയങ്ങളിൽമാത്രമേ പാകിസ്താനുമായി ചർച്ചയുള്ളൂവെന്നും മോദി വ്യക്തമാക്കുകയുണ്ടായി.

## മലയാളി യുവതി ദുബായിൽ കൊല്ലപ്പെട്ട സംഭവം; നാട്ടിലേക്ക് കടക്കാനുള്ള ശ്രമത്തിനിടെ ആൺസുഹൃത്ത് പിടിയിൽ



ദുബായ്: വിതുര ബോണക്കാട് സ്വദേശിനി ദുബായിൽ മരിച്ച സംഭവത്തിൽ ആൺസുഹൃത്ത് പിടിയിൽ. ദുബായിലെ സ്വകാര്യ സ്ഥാപനത്തിൽ ജീവനക്കാരിയായ ആനിമോൾ ഗിൽഡ (26) ആണ് മരിച്ചത്. അബുദാബിയിലെ ആശുപത്രി ജീവനക്കാരനായ തിരുവനന്തപുരം സ്വദേശിയാണ് പിടിയിലായതെന്നാണ് സൂചന. നാട്ടിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടെ ദുബായ് വിമാനത്താവളത്തിൽ നിന്നാണ് പ്രതി പിടിയിലായത്.

കരാമയിൽ ഈ മാസം ആദ്യമായിരുന്നു സംഭവം. ജയകുമാറിന്റെയും ഗിൽഡയുടെയും മകളാണ് ആനിമോൾ ഗിൽഡ. സമൂഹമാദ്ധ്യമത്തിലൂടെയാണ് ആനിമോളും യുവാവും തമ്മിൽ പ്രണയത്തിലായത്. ആനിമോളെ യുഎഇയിലേക്ക് എത്തിച്ചത് ഇയാളാണെന്നും സുഹൃത്തുക്കൾ പറയുന്നു.

ഒന്നര വർഷം മുമ്പ് യുഎഇയിൽ എത്തിയ ആനിമോൾ ക്രെഡിറ്റ് സെയിൽസ് സ്ഥാപനത്തിൽ ജോലിചെയ്ത് വരികയായിരുന്നു. കൊലപാതകം നടന്നതിന് തൊട്ടുമുമ്പുള്ള ദിവസം ആനിമോളെ കാണാൻ പ്രതി അബുദാബിയിൽ നിന്ന് ദുബായിൽ എത്തിയിരുന്നു. പിന്നാലെയാണ് യുവതിയുടെ മൃതദേഹം താമസസ്ഥലത്ത് കണ്ടെത്തിയത്. ഇവർക്കിടയിലെ അഭിപ്രായ വ്യത്യാസവും തർക്കവും കൊലപാതകത്തിലേക്ക് നയിച്ചതാവാം എന്നാണ് സുഹൃത്തുക്കൾ പറയുന്നത്.

ആനിമോളുടെ മരണം കൊലപാതകമാണെന്ന് പൊലീസ് സ്ഥിരീകരിച്ചെങ്കിലും വിശദാംശങ്ങൾ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. കൊലപാതകത്തിൽ വിശദമായ അന്വേഷണം തുടരുകയാണെന്നാണ് വിവരം. മറ്റ് നടപടികൾ പൂർത്തിയാക്കിയ ശേഷം ആനിമോളുടെ മൃതദേഹം ഇന്ന് രാത്രിയോടെ നാട്ടിലേക്ക് കൊണ്ടുപോകാൻ സാധിക്കുമെന്ന് സാമൂഹിക പ്രവർത്തകർ അറിയിച്ചു.

## വെടിനിറുത്തലിൽ ട്രംപിന്റെ അവകാശവാദത്തെക്കുറിച്ച് പ്രധാനമന്ത്രി മൗനം പാലിച്ചു; വ്യക്തത വേണമെന്ന് പ്രതിപക്ഷം



ന്യൂഡൽഹി: ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തലിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മദ്ധ്യസ്ഥത സംബന്ധിച്ച അവകാശവാദങ്ങൾക്ക് പ്രധാനമന്ത്രി മറുപടി നൽകണമെന്ന് കോൺഗ്രസ്. നരേന്ദ്ര മോദി രാജ്യത്തെ അഭിസംബോധന ചെയ്തതിന് പിന്നാലെയാണ് പ്രതിപക്ഷം ഈ ആവശ്യവുമായി മുന്നോട്ടുവന്നത്.

പാകിസ്ഥാനുമായി ഇന്ത്യ നേരിട്ട് ചർച്ച നടത്തിയിട്ടുണ്ടോയെന്നും പ്രതിപക്ഷം ചോദിച്ചു. ട്രംപിന്റെ അവകാശവാദത്തെക്കുറിച്ച് പ്രധാനമന്ത്രി പൂർണ്ണമായും മൗനം പാലിച്ചു. ഇന്ത്യ, യുഎസ് മദ്ധ്യസ്ഥതയ്ക്ക് സമ്മതിച്ചോ? ഓട്ടോ, കൃഷി, മറ്റ് മേഖലകളിൽ ഇന്ത്യൻ വിപണികൾ തുറക്കണമെന്ന യുഎസ് ആവശ്യത്തിന് ഇന്ത്യ ഇപ്പോൾ വഴങ്ങുമോയെന്നും കോൺഗ്രസ് നേതാവ് ജയറാം രമേശ് ചോദിച്ചു. പ്രധാനമന്ത്രി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കളുമായി ഉടൻ ഒരു കൂടിക്കാഴ്ച നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തലുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര സർക്കാർ വെളിപ്പെടുത്തണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു. 'പാകിസ്ഥാനുമായി ഒപ്പുവച്ച വെടിനിർത്തൽ കരാറിന്റെ ചട്ടക്കൂടും നിബന്ധനകളും എന്തൊക്കെയാണ്. വെടിനിർത്തൽ കരാറിന്റെ ഭാഗമായി പാകിസ്ഥാനുമായി ചർച്ചകൾ നടത്താൻ ഇന്ത്യ സമ്മതിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്'- എന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി രൺദീപ് സുർജേവാല എക്സിലൂടെ ചോദിച്ചു.

വെടിനിറുത്തലിന് തയ്യാറായ ഇരുരാജ്യങ്ങളുടെയും നേതൃത്വത്തെ അഭിനന്ദിച്ചുകൊണ്ടുള്ള ട്രൂത്ത് സോഷ്യൽ മീഡിയ പോസ്റ്റിലൂടെ ട്രംപ് രംഗത്തെത്തിയിരുന്നു.

വെടിനിറുത്തൽ ധാരണയിലെത്താൻ യുഎസ് മദ്ധ്യസ്ഥ വഹിച്ചുവെന്ന് അവകാശവാദം ഉന്നയിക്കുകയും ചെയ്തിരുന്നു. ഇന്ത്യയും പാകിസ്ഥാനുമായുള്ള വ്യാപാരം 'ഗണ്യമായി' വർദ്ധിപ്പിക്കുമെന്നും ട്രംപ് അറിയിച്ചിരുന്നു.

## സുൽത്താൻ ബത്തേരിയിൽ വീണ്ടും പുലി; കോഴികളെ പിടികൂടുന്ന ദൃശ്യം പുറത്ത്

സുൽത്താൻ ബത്തേരി ടൗണിനടുത്ത് വീണ്ടും പുലിയുടെ സാന്നിധ്യം. കോട്ടക്കുന്ന് പുതുശ്ശേരി പോൾ മാത്യുവിന്റെ വീട്ടിലെ കോഴികളെ പിടികൂടുന്ന ദൃശ്യമാണ് പതിഞ്ഞത്

തിങ്കളാഴ്ച അർദ്ധരാത്രിയാണ് സംഭവം. ആഴ്ചകൾക്ക് മുമ്പും ബത്തേരി ടൗണിനടുത്ത് പുലിയെ കണ്ടിരുന്നു.

## സിബിഎസ്ഇ പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു; തിരുവനന്തപുരം മേഖല രണ്ടാം സ്ഥാനത്ത്

ന്യൂഡൽഹി: സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷൻ (സിബിഎസ്ഇ) പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഇന്ന് രാവിലെയാണ് ഫലം പ്രസിദ്ധീകരിച്ചത്. cbse.gov.in, results.cbse.nic.in, cbseresults.nic.in എന്നീ ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാണ്. ഔദ്യോഗിക വെബ്സൈറ്റുകൾക്ക് പുറമെ, എസ്എംഎസ്, ഡിജിലോക്കർ, ഐവിആർഎസ്/കോൾ, ഉമാംഗ് മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വഴിയും ഫലം ലഭ്യമാകും. റോൾ നമ്പർ, ജനനത്തീയതി, സ്കൂൾ നമ്പർ, അഡ്മിറ്റ് കാർഡ് ഐഡി തുടങ്ങിയ ലോഗിൻ വിവരങ്ങൾ നൽകി ഫലം പരിശോധിക്കാം. പത്താം ക്ലാസ് ഫലവും ഉടൻ പ്രസിദ്ധീകരിക്കുമെന്നാണ് റിപ്പോർട്ട്.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പന്ത്രണ്ടാം ക്ലാസിൽ വിജയശതമാനത്തിൽ 0.41 ശതമാനത്തിന്റെ വർധനവുണ്ട്. 88.39 ആണ് ഇത്തവണത്തെ വിജയശതമാനം. 2024-ൽ ഇത് 87.98 ശതമാനമായിരുന്നു. 99.60 വിജയശതമാനത്തോടെ വിജയവാഡ മേഖലയാണ് മുന്നിൽ. 99.32 ശതമാനം നേടിയ തിരുവനന്തപുരം മേഖലയാണ് രണ്ടാമത്. 79.53 വിജയശതമാനം മാത്രമുള്ള യു.പി.യിലെ പ്രയാഗ്രാജ് ആണ് പിന്നിൽ.

ഏകദേശം 44 ലക്ഷം വിദ്യാർഥികളാണ് ഈ വർഷം സിബിഎസ്ഇ ബോർഡ് പരീക്ഷകൾക്കായി രജിസ്റ്റർ ചെയ്തത്. ഇതിൽ 24.12 ലക്ഷം വിദ്യാർഥികൾ പത്താം ക്ലാസിലും 17.88 ലക്ഷം പേർ പന്ത്രണ്ടാം ക്ലാസിലും പരീക്ഷയെഴുതി. 2025 ഫെബ്രുവരി 15-നും ഏപ്രിൽ നാലിനും ഇടയിലായിരുന്നു പരീക്ഷകൾ. പത്താം ക്ലാസ് പരീക്ഷകൾ മാർച്ച് 18-നും പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ ഏപ്രിൽ 4-നും സമാപിച്ചു.

2024-ൽ പത്താം ക്ലാസിലെ വിജയശതമാനം 93.60% ആയിരുന്നു. അന്ന് ആകെ 22,38,827 വിദ്യാർഥികൾ പരീക്ഷ എഴുതിയപ്പോൾ അതിൽ 20,95,467 പേർ വിജയിച്ചു. അതേസമയം, പന്ത്രണ്ടാം ക്ലാസിലെ വിജയശതമാനം 87.98% ഉം ആയിരുന്നു. ഇതിൽ, 16,21,224 വിദ്യാർഥികൾ പരീക്ഷയെഴുതുകയും 14,26,420 പേർ വിജയിക്കുകയും ചെയ്തു. 2023-ലെ ഫലങ്ങളെ അപേക്ഷിച്ച് നേരിയ വർധനവ് 2024-ലുണ്ടായിരുന്നു.

## സെക്സ് റാക്കറ്റിനായി പെൺകുട്ടിയെ കോഴിക്കോട്ടെത്തിച്ചയാൾ പിടിയിൽ; പൊക്കിയത് ഒഡീഷയിൽനിന്ന്

കോഴിക്കോട്: സെക്സ് റാക്കറ്റ് കെണിയിൽ കുടുങ്ങിയ പെൺകുട്ടി പോലീസ് സ്റ്റേഷനിൽ അഭയം തേടിയ സംഭവത്തിൽ ഒരാൾ പിടിയിൽ. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കേരളത്തിലെത്തിച്ച ആളാണ് പിടിയിലായത്. അസം സ്വദേശിയായ ഫർഹാൻ അലി (26) എന്നയാളെ ഒഡീഷയിലെ ഭദ്രകലിൽ നിന്നാണ് പിടികൂടിയത്.

പ്രതിയെ പോലീസ് കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. ജോലി വാഗ്ദാനം നൽകി കേരളത്തിലെത്തിച്ച് സെക്സ് റാക്കറ്റ് കെണിയിൽപ്പെടുത്തി എന്നായിരുന്നു പരാതി.

ലോഡ്ജിൽനിന്നും രക്ഷപ്പെട്ട കുട്ടി പോലീസ് സ്റ്റേഷനിൽ അഭയം തേടുകയായിരുന്നു. കൂടുതൽ പെൺകുട്ടികൾ ലോഡ്ജിൽ ഉണ്ടായിരുന്നെന്ന് പെൺകുട്ടി മൊഴി നൽകിയിരുന്നു.

ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട അസം സ്വദേശിയായ ഫർഹാൻ അലി മൂന്നുമാസം മുൻപാണ് പെൺകുട്ടിയെ കേരളത്തിലെത്തിച്ചത്. 15,000 രൂപ മാസശമ്പളത്തിൽ ജോലി തരപ്പെടുത്തിത്തരാമെന്നായിരുന്നു വാഗ്ദാനം.

കേന്ദ്രത്തിൽനിന്ന് അതിസാഹസികമായിരക്ഷപ്പെട്ട പെൺകുട്ടി ഈ മാസം ആദ്യത്തിലാണ് പോലീസ് സ്റ്റേഷനിൽ അഭയം തേടിയത്. തന്നെപ്പോലെ 5പെൺകുട്ടികൾ മുറിയിലുണ്ടായിരുന്നെന്ന് ഇവർ അധികൃതരോടുപറഞ്ഞിരുന്നു. ഒരുദിവസം മൂന്നും നാലും പേർ മുറിയിലെത്താറുണ്ടെന്നും ഞായറാഴ്ചകളിൽ ആറും ഏഴും പേരെ യുവാവ് പ്രവേശിപ്പിക്കാറുണ്ടെന്നും പെൺകുട്ടിയുടെ മൊഴിയിലുണ്ട്.

സ്ഥിരമായി മുറി പൂട്ടിയിട്ടാണ് ഇയാൾ പുറത്തുപോവാറ്. പെൺകുട്ടി സ്റ്റേഷനിലെത്തുന്നതിന്റെ ഒരാഴ്ചമുൻപ് മുറിതുറന്ന് ഇയാൾ ഫോണിൽ സംസാരിച്ച് ടെറസിലേക്ക് നടന്നുപോയസമയത്താണ് ഇവർ രക്ഷപ്പെട്ടത്. രക്ഷപ്പെടുന്നതിന്റെ തലേദിവസം വയറുവേദനയെത്തുടർന്ന് പെൺകുട്ടിയെ ഇയാൾ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചിരുന്നു. ഓട്ടോറിക്ഷയിൽ പോകുന്നതിനിടയിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ പെൺകുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

മുറിയിൽനിന്ന് രക്ഷപ്പെട്ട ഉടൻ മുന്നിൽക്കണ്ട ഒരു ഓട്ടോറിക്ഷയിൽക്കയറി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ പോകണമെന്ന് പെൺകുട്ടി ആവശ്യപ്പെട്ടു. സ്റ്റേഷനിലെത്തി വിവരമറിയിച്ചതോടെ പോലീസ് ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് (സിഡബ്ല്യുസി) മുൻപാകെയെത്തിച്ചു. സിഡബ്ല്യുസി കൗൺസലിങ് നൽകി വൈദ്യപരിശോധനയ്ക്ക് ഹാജരാക്കുകയും പിന്നീട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിലേക്ക് മാറ്റുകയുംചെയ്തിരുന്നു.

## യാക്കരപ്പുഴയിൽ യുവതിയെ മരിച്ചനിലയിൽ കണ്ടെത്തി

പാലക്കാട്: പാലക്കാട് യാക്കരപ്പുഴയിൽ യുവതിയെ മരിച്ചനിലയിൽ കണ്ടെത്തി. യുവതിയ്ക്ക് 40 വയസ് തോന്നിക്കും. മൃതദേഹത്തിന് അഞ്ച് ദിവസത്തെ പഴക്കമുണ്ടെന്നാണ് പൊലീസ് പറയുന്നത്. പുഴയിൽ മൃതദേഹം കണ്ട നാട്ടുകാരാണ് പൊലീസിൽ വിവരം അറിയിച്ചത്. പാലക്കാട് സൗത്ത് പൊലീസെത്തിയാണ് മൃതദേഹം കരയ്ക്ക് എടുത്തത്. ചുരിദാറിന്റെ ടോപ്പ് മാത്രമേ മൃതശരീരത്തിൽ ഉണ്ടായിരുന്നുള്ളൂ. മരണത്തിൽ ദുരൂഹതയുണ്ടെന്നാണ് പോലീസ് നിഗമനം.

### കോടതി പരസ്യം

**ബഹു. തൃശൂർ പ്രിൻസിപ്പൽ ജില്ലാ കോടതി മുമ്പാകെ**

AS: 21/2024

IA: 1/2024

ഗുരുവിജയ കുറി കമ്പനി ലിമിറ്റഡ്, തൃശൂർ

-അപ്പീൽ അന്യായം

1) Intergrated Finance Co. Ltd, Mission quarters, Thrissur

2) സോസിയ ബിമൽ, D/o. മങ്കുഴി ബിമൽ, ഒല്ലൂർ, തൃശൂർ

3) ബോണിയ ബിമൽകുമാർ,D/o. മങ്കുഴി ബിമൽ, ഒല്ലൂർ, തൃശൂർ

– 2, 3, 4 എതൃകക്ഷികൾ

മേൽ നമ്പറിൽ 2, 3, 4 എതൃകക്ഷികൾക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർകേസ് 21-05-2025 തിയ്യതിക്ക് വെച്ചിട്ടുള്ളതും അന്നേ ദിവസം 11 മണിക്ക് നിങ്ങൾ ബഹു. കോടതിയിൽ ഹാജരാകാത്ത പക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 2-5-2025

അപ്പീൽ അന്യായഭാഗം അഡ്വക്കെറ്റ്

**എം സി സുനിൽകുമാർ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 1108/2023

ബാങ്ക് ഓഫ് ബറോഡ, തിരുവമ്പാടി ദേവസ്വം ബ്രാഞ്ച്, റൗണ്ട് വെസ്റ്റ്, തൃശൂർ-680001, Rep by ചീഫ് മാനേജർ സെന്തിൽകുമാർ, D.S. ഭവൻ, മാങ്ങാട് പി ഒ. കൊല്ലം

– അന്യായം

സജിത വി എസ്, D/o സുകുമാരൻ, വടമന ഹൗസ്, മന്നത്ത് ലെയിൻ, പൂങ്കുന്നം പി ഒ., തൃശൂർ-680002

– പ്രതി

മേൽ നമ്പറിൽ പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ ഉത്തരവായി മേൽനമ്പർ കേസ് 09-06-2025 തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതും അന്നേദിവസം താങ്കളോ, അധികാരപ്പെടുത്തിയ ആളോ ബഹു. കോടതി മുമ്പാകെ പകൽ 11 മണിക്ക് ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് വിധിയാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 09-05-2025

അന്യായഭാഗം അഡ്വക്കെറ്റ്

**N. SANTHOSH** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 1087/2023

ബാങ്ക് ഓഫ് ബറോഡ, തിരുവമ്പാടി ദേവസ്വം ബ്രാഞ്ച്, റൗണ്ട് വെസ്റ്റ്, തൃശൂർ-680001, Rep by ചീഫ് മാനേജർ സെന്തിൽകുമാർ എസ്., S/o. സോമരാജൻ, D.S. ഭവൻ, മാങ്ങാട് പി ഒ. കൊല്ലം

– അന്യായം

സുജാത, W/o സുകുമാരൻ വി കെ, വടമന ഹൗസ്, മന്നത്ത് ലെയിൻ, പൂങ്കുന്നം പി ഒ., തൃശൂർ-680002

– പ്രതി

മേൽ നമ്പറിൽ പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ ഉത്തരവായി മേൽനമ്പർ കേസ് 31-05-2025 തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതും അന്നേദിവസം താങ്കളോ, അധികാരപ്പെടുത്തിയ ആളോ ബഹു. കോടതി മുമ്പാകെ പകൽ 11 മണിക്ക് ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് വിധിയാകുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 09-05-2025

അന്യായഭാഗം അഡ്വക്കെറ്റ്

**N. SANTHOSH** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷൻ വികസനം: കല്ലേറ്റുംകരയിൽ ധർണ്ണ നടത്തി സിപിഎം

ഇരിങ്ങാലക്കുട : കല്ലേറ്റുംകരയിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തുക, നിർത്തലാക്കിയ മുഴുവൻ സ്റ്റോപ്പുകളും പുന:സ്ഥാപിക്കുക, അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് ആധുനികവത്ക്കരിക്കുക, പുതിയ എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക, മേൽക്കൂരയോടു കൂടിയ പാർക്കിംഗ് സൗകര്യം സജ്ജീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി സി.പി.എം. ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കല്ലേറ്റുംകരയിൽ ജനപ്രതിനിധികളുടെ ധർണ്ണ സംഘടിപ്പിച്ചു.



മന്ത്രി ഡോ. ആർ. ബിന്ദു ധർണ്ണ ഉദ്ഘാടനം ചെയ്തു. ആളൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ആർ. ജോജോ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലളിത ബാലൻ, മുരിയാട് പഞ്ചായത്ത് പ്രസിഡന്റ് ജോസ് ജെ. ചിറ്റിലപ്പിള്ളി, പടിയൂർ പഞ്ചായത്ത് പ്രസിഡന്റ് ലിജി രതീഷ്, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് വിജയലക്ഷ്മി വിനയചന്ദ്രൻ, സി.പി.എം. എരിയ സെക്രട്ടറി വി.എ. മനോജ്കുമാർ, ടി.ജി. ശങ്കരനാരായണൻ തുടങ്ങിയവർ പ്രസംഗിച്ചു.

# തപനം സാന്ത്വനം : ഡോക്യുമെന്ററി പ്രകാശനവും ഗാനസന്ധ്യയും

തൃശ്ശൂർ: ഫൈബ്രോമൈൽജിയ എന്ന അപൂർവ രോഗാവസ്ഥയെ കുറിച്ചുള്ള ആഗോള ബോധവൽക്കരണ ദിനമായ മെയ് 12 ന് തൃശൂർ നാദബ്രഹ്മം ഫൗണ്ടേഷന്റെ അഭിമുഖത്തിൽ 'തപനം-സാന്ത്വനം' എന്നപേരിൽ പ്രമുഖ ഡോക്ടർമാർ പങ്കെടുക്കുന്ന പ്രഭാഷണങ്ങളും ഡോക്യുമെൻററി പ്രകാശനവും സാന്ത്വന ഗാനസന്ധ്യയും നടത്തും.

തൃശൂർ ടൗൺ ഹാളിൽ വൈകിട്ട് 4.30 ന് നടക്കുന്ന ചടങ്ങിൽഡോക്ടർമാരായ രഘുനാഥ് ബി, രാംദാസ് എ ആർ, ബാസ്പിൻ കെ, ഗീത ആനലൂർ എന്നിവർ ഫൈബ്രോമൈൽജിയ എന്ന രോഗാവസ്ഥയെ ആസ്പദമാക്കിയുള്ള വിവിധ വിഷയങ്ങളെ കുറിച്ച് സംസാരിക്കും.

പ്രവാസി മലയാളിയും യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫിലിം മേക്കറും നാദബ്രഹ്മം കുടുംബാംഗവുമായ നിഷ നായർ രചനയും സംവിധാനവും നിർവഹിച്ച ഫൈബ്രോമൈൽജിയെ അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്ററിയുടെ പ്രഥമ പ്രകാശനവും ഇതോടൊപ്പം നടക്കും.



പോൾസൺ താം രചിച്ച കുട്ടികളുടെ എ കെ ജി കേരളത്തിന്റെ വിപ്ലവ സൂര്യൻ എന്ന പുസ്തക പ്രകാശനം രാജൻ എലവത്തൂർ ഫ്രാൻസിസ് കൊള്ളന്നൂരിന് നൽകി നിർവ്വഹിക്കുന്നു.

# മാനവ രക്ഷ ഇടതുപക്ഷത്തിലൂടെ മാത്രം

പന്നിത്തടം: മാനവികതയും,ജനാധിപത്യവും സംരക്ഷിക്കാൻ ഇടതുപക്ഷത്തിന്റെ പങ്ക് കാലാതീതമാണെന്ന്, പുരോഗമന കലാ സാഹിത്യ സംഘം പന്നിത്തടം യൂണിറ്റ് സംവാദം ചൂണ്ടിക്കാട്ടി. ഇടതുപക്ഷം എന്തിന് - എന്നതായി രുന്നു സംവാദ വിഷയം.

രാജൻ എലവത്തുർ അധ്യക്ഷത വഹിച്ചു. ടി. അരവിന്ദാക്ഷൻ, ഫ്രാൻസിസ് കൊള്ളന്നൂർ, പോൾസൺ താം, എ. എസ്. സുബിൻ, കെ.വി ജയൻ മാസ്റ്റർ, ഹമീദ് പന്നിത്തടം, ശങ്കരനാരായണൻ സംസാരിച്ചു.

പോൾസൺ താം രചിച്ച കുട്ടികളുടെ എ കെ ജി: കേരളത്തിന്റെ വിപ്ലവ സൂര്യൻ എന്ന പുസ്തക പ്രകാശനവും നടന്നു.

# നിര്യാതനായി ജോസ്



പുതുക്കാട്: വടക്കെ തൊറവ് പല്ലിശ്ശേരി വറീത് മകൻ ജോസഫ് (80) നിര്യാതനായി. സംസ്കാരം നാളെ രാവിലെ പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി സെമിത്തേരിയിൽ നടത്തും. ഭാര്യ-അന്നക്കുട്ടി. മക്കൾ-ഷാജി, ജാൻസി, ബിജു. മരുമക്കൾ-ജിനി, വിത്സൻ, സിന്ധു

# നിയമം എല്ലാവർക്കും 'ലിവ്-ഇൻ റിലേഷൻഷിപ്പും രജിസ്റ്റർ മാര്യേജും'; നിയമവും യാഥാർത്ഥ്യവും-സൗജന്യ വെബിനാർ

തൃശൂർ: "നിയമം എല്ലാവർക്കും" എന്ന നിയമബോധവത്ക്കരണ ക്യാമ്പെയ്നിന്റെ ഭാഗമായി നിയമ സേവന സ്ഥാപനമായ Yourhonour Dot In Pvt. Ltd. പൊതുജനങ്ങൾക്ക് സുപ്രധാനമായ സാമൂഹ്യ-നിയമ വിഷയങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി നടത്തുന്ന 'ലിവ്-ഇൻ റിലേഷൻഷിപ്പും രജിസ്റ്റർ വിവാഹവും നിയമവും യാഥാർത്ഥ്യവും' വെബിനാറിലൂടെ ലിവ്-ഇൻ ബന്ധങ്ങൾ ഇന്ത്യയിലെ നിയമവ്യവസ്ഥയിൽ എങ്ങനെ പരിഗണിക്കപ്പെടുന്നു, അവയ്ക്കുള്ള നിയമപരമായ സുരക്ഷകളും പ്രതിബന്ധങ്ങളും എന്തൊക്കെയാണെന്നും രജിസ്റ്റർ മാരേജ് എന്താണ്, അതിന്റെ പ്രാധാന്യം എന്താണ്, നിയമപരമായ അവകാശങ്ങൾ എങ്ങനെ ഉറപ്പുവരുത്താം തുടങ്ങിയ വിഷയങ്ങൾ വെബിനാറിൽ ചർച്ച ചെയ്യും. മേയ് 15, 2025 വ്യാഴം രാത്രി 8 മണിക്ക് ഗൂഗിൾ മീറ്റിലൂടെയാണ് വെബിനാർ നടക്കുന്നത്. അഞ്ജന പുളിക്കൽ (ഭവൻസ് പൽസാർ ലോ കോളേജ്) ആണ് വെബിനാറിലെ മുഖ്യപ്രഭാഷക. വെബിനാറിന് Yourhonour Dot In ചെയർമാൻ അഡ്വ. സുജിത് അയിനിപ്പുള്ളിയും, പ്രസിഡന്റ് അഡ്വ. മാളവിക ഷൽജിയും നേതൃത്വം നൽകുന്നു.

ഈ ഉദ്യമത്തിൽ റോട്ടറി ക്ലബ് ഓഫ് ഗുരുവായൂർ ഹെറിറ്റേജും പങ്കാളികളാവുന്നുണ്ട്. വിവാഹനിയമങ്ങളിലും സഹവാസ ബന്ധങ്ങളിലും വളരുന്ന സംശയങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വെബിനാറിൽ സ്പഷ്ടത നൽകും. വിവാഹരീതികൾ, പങ്കാളിത്തബന്ധങ്ങൾ, കുടുംബനിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സംശയങ്ങൾ ഉള്ളവർക്ക് അത്യന്തം ഉപകാരപ്പെടുന്ന ഒരു വെബിനാറായിരിക്കും ഇത്.

രജിസ്ട്രേഷനായി വാട്ട്സ് ആപ്പ് നമ്പറിൽ ബന്ധപ്പെടുക : +91 9188645454 വെബിനാറിൽ പങ്കെടുക്കുന്നതിനായി താഴെ കാണുന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഗ്രൂപ്പിൽ ജോയിൻ ചെയ്യൂ https://chat.whatsapp.com/H3MIx6ijKXD8Jf4SwVPdv4



ഇരിങ്ങാലക്കുട കൂടൽമാണിക്യംക്ഷേത്രത്തിൽ ഇന്ന് നടന്ന ശീവേലി തോട്ടു ചാലിൽ ബോലോ നാഥ് തിടമ്പേറ്റി

# ഉപഭോക്തൃവിധിപ്രകാരം ടിവിയുടെ വില 114000 രൂപയും നഷ്ടവും നൽകിയില്ല, കമ്പനി എം ഡി ക്കും, കടയുടമക്കും വാറണ്ട്


തൃശൂർ: വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ എതിർ കക്ഷികൾക്ക് വാറണ്ട് അയക്കുവാൻ ഉത്തരവ്. തൃശൂർ ഓട്ടുപാറ സ്വദേശി ഹർഷം വീട്ടിൽ കെ.ചന്ദ്രശേഖരൻ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ സെന്റ് ജോർജ് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർ, തൃശൂർ വടക്കാഞ്ചേരിയിലെ എൽ ജി സർവ്വീസ് സെൻററിന്റെ ഉടമ, കൊച്ചിയിലെ എൽ ജി ഇലക്ട്രോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർ എന്നിവർക്കെതിരെ ഇപ്രകാരം വാറണ്ട് അയക്കുവാൻ ഉത്തരവായത്. ചന്ദ്രശേഖരൻ ടി വി യുടെ തകരാർ ആരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ എൽ ജി ഇന്ത്യാ ഇലക്ട്രോണിക്സ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടർക്കെതിരെ ടി വി യുടെ വിലയായ 114000 രൂപയും സെന്റ് ജോർജ് ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിങ്ങ് ഡയറക്ടറോടും എൽ ജി സർവ്വീസ് സെന്റർ ഉടമയോടും നഷ്ടപരിഹാരവും ചിലവിലേക്കുമായി 10000 രൂപ നൽകുവാനും വിധിയുണ്ടായിരുന്നു. എന്നാൽ വിധി എതിർകക്ഷികൾ പാലിക്കുകയുണ്ടായില്ല. തുടർന്ന് വിധി പാലിക്കാതിരുന്നതിന് എതിർകക്ഷികളെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട്, ചന്ദ്രശേഖരൻ ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് എതിർകക്ഷികളെ മൂന്ന് വർഷം വരെ തടവിന് ശിക്ഷിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു. ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി എതിർകക്ഷികൾക്കെതിരെ പോലീസ് മുഖേനെ വാറണ്ട് അയക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

# സംഭാര വിതരണം നടത്തി



ഇരിങ്ങാലക്കുട: കൂടൽമാണിക്യം ഉത്സവത്തിന്റെ ഭാഗമായി യൂത്ത് കോൺഗ്രസ് ഇരിങ്ങാലക്കുട ടൗൺ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭക്തജനങ്ങൾക്ക് സംഭാര വിതരണം നടത്തി. മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് അബ്ദുൾ ഹക്ക് സി എസ് സംഭാരവിതരണം ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് ടൗൺ മണ്ഡലം പ്രസിഡണ്ട് ജോമോൻ മണാത്ത്, ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് സോമൻ ചിറ്റേത്ത്, മുൻ നഗരസഭ വൈസ് ചെയർമാൻ ടിവി ചാർളി, യൂത്ത് കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡണ്ട് സനൽ കല്ലൂക്കാരൻ, സെക്രട്ടറി എബിൻ ജോൺ, മുൻ യൂത്ത് കോൺഗ്രസ് മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് ശ്രീരാം ജയപാലൻ തുടങ്ങിയവർ നേതൃത്വം നൽകി

# ഭിന്നശേഷിക്കാരുടെ സ്നാക്സ് യൂണിറ്റ്



പുതുക്കാട് : ഫിസിക്കലി ചലഞ്ച്ഡ് ഓൾ സ്പോർട്സ് അസോസിയേഷൻ കേരളയും കിഷോർട്സ് വേൾഡ് കമ്പനിയും ചേർന്ന് മടവാക്കരയിൽ ആരംഭിച്ച സ്നാക്സ് നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം കെ.കെ. രാമചന്ദ്രൻ എം.എൽ.എ.നിർവഹിച്ചു. അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് കിഷോർ എ എം അധ്യക്ഷത വഹിച്ചു.ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡൻറ് കരീം പന്നിത്തടം മുഖ്യാതിഥിയായിരുന്നു.

# ഇത് സമര വിജയം പൊന്നാനിയിലെ മദ്യശാല പൂട്ടിച്ചു



തൃശൂർ: അറസ്റ്റുകൊണ്ടും കേസുകൾ കൊണ്ടും നിലക്കാത്ത സമരത്തിനു മുന്നിൽ സർക്കാർ മുട്ടുമടക്കി. ലഹരി കൊടികുത്തിവാഴുന്ന ഈ കെട്ടകാലത്ത് പൊന്നാനിയിൽ സർക്കാർ തുറക്കുന്ന മദ്യശാല സാമൂഹ്യ വിപത്തിലേക്കേ നയിക്കൂ. ലഹരി സമൂഹത്തിൽ നാശം വിതക്കുമ്പോഴും പുതിയ മദ്യശാലകൾ തുറക്കാനുള്ള വെമ്പലിലാണ് സർക്കാർ. പൊന്നാനിയിലെ ജനങ്ങൾ മുഴുവൻ ഈ നീക്കത്തിനെതിരാണ്. സി.പി.എം പറയുന്നത് അവർ ഈ മദ്യശാലക്ക് എതിരാനെന്നാണ്. മറ്റു പല കാര്യങ്ങളിലെന്ന പോലെ ഈ പ്രശ്നത്തിലും CPM നിലപാട് ജനങ്ങളെ കപളിപ്പിക്കുന്നതാണ്. മുൻസിപ്പാലിറ്റി ഭരിക്കുന്നത് CPM, പൊന്നാനി MLA CPM, സംസ്ഥാനം ഭരിക്കുന്നതും CPM എന്നിട്ട് CPM എതിരാണെന്ന് പറയുന്ന മദ്യശാല പൊന്നാനിയിൽ തുറക്കുന്നു.

പൊന്നാനിയിൽ മുസ്‌ലിം ലീഗും, വനിതാ ലീഗ് അടക്കമുള്ള അതിന്റെ പോഷകഘടകങ്ങളും ശക്തമായ സമരത്തിലായിരുന്നു. പോലീസ് നടപടികളും, അറസ്റ്റും, കേസുകളും സഹപ്രവത്തകരെ തളർത്തിയില്ല.

മദ്യശാല പൂട്ടി. ഇത് പോരാടി നേടിയ വിജയം.





2025 മെയ് 13 ചൊവ്വ
ഊട്ടുതിരുനാൾ ദിനം



| | |
|---|---|
| രാവിലെ 6.15ന് | : ദിവ്യബലി, നൊവേന, ആരാധന |
| 8.00ന് | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : വെരി.റവ.ഫാ. ഫ്രാൻസിസ്കോ പടമാടൻ |
| പ്രസംഗം | : റവ.ഫാ. യേശുദാസ് പഴമ്പിള്ളി |
| 10ന് | : അഭിവന്ദ്യപിതാവിന് സ്വീകരണം |
| 10.15ന് | : ഊട്ടുസദ്യ ആശീർവാദം |
| 10.30ന് | : പൊന്തിഫിക്കൽ ദിവ്യബലി |
| മുഖ്യകാർമ്മികൻ | : റൈറ്റ്.റവ.ഡോ. അംബ്രോസ് പുത്തൻവീട്ടിൽ (കോട്ടപ്പുറം രൂപത മെത്രാൻ) |
| പ്രസംഗം | : റവ. ഫാ. ജോസ് തോമസ് O'carm |
| 1.30 ന് | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : റവ. ഫാ. സിബിൻ കല്ലറക്കൽ |
| വൈകീട്ട് 3.00ന് | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : റവ.ഫാ. സിന്റോ കുരിയാപറമ്പിൽ |
| 5.00ന് | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : റവ.ഫാ. ജോഷി കല്ലറക്കൽ |
| 6.30ന് | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : വെരി.റവ. ഫാ. പ്രിൻസ് പടമാട്ടുമ്മൽ |
| 7.30ന് | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : വെരി.റവ. ഫാ. ആന്റണി അറക്കൽ |
| 9.30ന് | : കൃതജ്ഞതാബലി, നൊവേന |

2025 മെയ് 20 ചൊവ്വ എട്ടാമിടം

| | |
|---|---|
| രാവിലെ 6.15ന് | : ദിവ്യബലി, നൊവേന, ആരാധന |
| 8.00ന് | : ദിവ്യബലി, നൊവേന, ആരാധന |
| 10.30ന് | : ആദ്യകുർബ്ബാന സ്വീകരണം കഴിഞ്ഞ മക്കളുടെ സംഗമം |
| | : ദിവ്യബലി, നൊവേന, ആരാധന |
| മുഖ്യകാർമ്മികൻ | : റവ.ഫാ. മിഥുൻ മെന്റസ് |
| വൈകീട്ട് 3.00ന് | : ദിവ്യബലി, നൊവേന, ആരാധന |
| വൈകീട്ട് 5.00ന് | : ദിവ്യബലി, നൊവേന, ആരാധന |
| വൈകീട്ട് 6.30ന് | : ദിവ്യബലി, നൊവേന, ആരാധന |

കിഴക്കിന്റെ പാദുവ എന്നറിയപ്പെടുന്ന ചെട്ടിക്കാട് വി. അന്തോണിസിന്റെ തീർത്ഥാടനകേന്ദ്രത്തിൽ അത്ഭുതങ്ങൾ വിതറുന്ന വിശുദ്ധ അന്തോണിസിന്റെ സൗഖ്യദായകമായ ഊട്ടുതിരുനാൾ 2025 മെയ് 13 ചൊവ്വാഴ്ച നടത്തപ്പെടുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വിശുദ്ധന്റെ അഴുകാത്ത നാവിന്റെ സാന്നിധ്യത്താൽ പുണ്യമായ ഈ തീർത്ഥാടനകേന്ദ്രത്തിലേക്കും ഊട്ടുനേർച്ചയിലേക്കും വിശുദ്ധന്റെ അത്ഭുതരൂപം ദർശിക്കുന്നതിനും അനുഗ്രഹങ്ങൾ ഏറ്റുവാങ്ങുന്നതിനുമായി എത്തിച്ചേരുന്ന നാനാജാതി മതസ്ഥരായ അനേകായിരങ്ങളെ സ്വീകരിക്കാൻ ചെട്ടിക്കാട് തീർത്ഥാടനകേന്ദ്രം ഒരുങ്ങിക്കഴിഞ്ഞു.

ചെട്ടിക്കാട്ട് തീർത്ഥാടനകേന്ദ്രത്തിന്റെ സവിശേഷതകൾ

**തിരുശേഷിപ്പുകൾ :** വിശുദ്ധ അന്തോണീസിന്റെ അഴുകാത്ത നാവ്, കൈയുടെ അസ്ഥി, സഭാവസ്ത്രത്തിന്റെ ഒരു ഭാഗം എന്നീ മൂന്ന് തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന ഏഷ്യയിലെ ഏക ദൈവാലയം.

**അത്ഭുത പ്രതിഷ്ഠാരൂപം :** വിശുദ്ധ അന്തോണീസിന്റെ അത്ഭുത പ്രതിഷ്ഠാരൂപം വിശ്വാസികൾക്ക് ശക്തിയും ആശ്വാസവുമായി നിലകൊള്ളുന്നു. ഹൃദയവ്യഥയോടെ വിശുദ്ധന്റെ തിരുസ്വരൂപത്തിനു മുന്നിൽ പ്രാർത്ഥിക്കുന്ന വിശ്വാസികളെ തൊട്ട് ആശ്വസിപ്പിക്കുന്ന ജീവസുറ്റ ഈ അത്ഭുതരൂപം ചെട്ടിക്കാടിന്റെ മാത്രം പ്രത്യേകതയാണ്.

**അത്ഭുത കിണർ :** 1941-ൽ പള്ളിയുടെ സമീപത്ത് താമസിച്ചിരുന്ന കോന്ദായി എന്ന ഹൈന്ദവ സഹോദരന് വിശുദ്ധ അന്തോണീസ് പള്ളി മുറ്റത്തെ കുളത്തിലെ വെള്ളം എടുത്ത് ഉണ്ണിയേശുവിനെ കുളിപ്പിക്കുന്നതായുള്ള ദർശനം ലഭിച്ചു. ആ കുളമാണ് ഇന്ന് അത്ഭുത കിണറായി നിലകൊള്ളുന്നത്. ഈ കിണറ്റിലെ വെള്ളം അനേകായിരങ്ങൾ വീടുകളിലേക്ക് കൊണ്ടുപോയി പൂജ്യമായി സൂക്ഷിച്ചുവയ്ക്കുകയും രോഗ സൗഖ്യത്തിനായും പകർച്ചവ്യാധികൾ നീങ്ങുന്നതിനായും വിശ്വാസപൂർവ്വം ഉപയോഗിക്കുകയും ചെയ്യുന്നു.

**കൃതജ്ഞതാ സാക്ഷ്യങ്ങളുടെ ഗ്യാലറി :** വിശ്വാസികൾക്ക് വിശുദ്ധനിൽ നിന്നും ലഭിച്ച അത്ഭുതാനുഗ്രഹങ്ങളുടെ സാക്ഷ്യപത്രങ്ങളുടെ ഒരു വൻശേഖരം നേർകാഴ്ചയായി നിലകൊള്ളുന്നു.

**വിശുദ്ധന്റെ ദിനം ചൊവ്വാഴ്ച :** എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 6.15 മുതൽ വൈകീട്ട് 6.30 വരെ ദിവ്യബലിയും നൊവേനയും ആരാധനയും പ്രസിദ്ധ ധ്യാനഗുരുക്കന്മാരുടെ നേതൃത്വത്തിലുള്ള രോഗശാന്തി പ്രാർത്ഥനയും സൗഖ്യദായകമായ ഊട്ടുനേർച്ചയും.

ചെട്ടിക്കാട് പള്ളി ഊട്ടുതിരുനാളിന് പത്രത്തിലേക്ക് ആശംസകൾ നൽകി സഹകരിച്ച അഡ്വ. വി.ആർ.സുനിൽകുമാർ വി.എം.ജോണി, ബേബി മാസ്റ്ററുടെ കുടുംബാംഗങ്ങൾ, പി.ആർ.ബാബു എന്നിവരോട് നന്ദി അറിയിക്കുന്നു.



സന്തോഷത്തോടെ,
കുഞ്ഞുമുഹമ്മദ് കണ്ണാംകുളത്ത്
റിപ്പോർട്ടർ, സ്വതന്ത്രമണ്ഡപം
Ph: 96336 44 369

ആശംസകളോടെ...



Adv. V.R.സുനിൽകുമാർ
MLA കൊടുങ്ങല്ലൂർ

ആശംസകളോടെ...



V.M.ജോണി
കൗൺസിലർ, കൊടുങ്ങല്ലൂർ നഗരസഭ
98461 73305

സ്നേഹസ്മരണ



എ.പി.ആന്റണി
(ബേബി മാസ്റ്റർ)
പുല്ലൂറ്റ് സർവ്വീസ് സഹകരണ ബാങ്ക് മുൻ പ്രസിഡന്റ്
കൊടുങ്ങല്ലൂർ നഗരസഭ മുൻ കൗൺസിലർ
അലങ്കാരത്ത്പറമ്പിൽ, ചാപ്പാറ, കൊടുങ്ങല്ലൂർ
സ്നേഹസ്മരണകളോടെ : കുടുംബാംഗങ്ങൾ

ആല്വവ
പുകശല്യമില്ലാത്ത അടുപ്പുകൾ
അടുപ്പ് നിർമ്മാണരംഗത്ത് വർഷങ്ങളുടെ വിശ്വസ്ത സേവന പാരമ്പര്യം...
പി.ആർ.ബാബു
മേറോസ് സെറ്റിൽമെന്റ്
കൊടുങ്ങല്ലൂർ
94475 30179
വീടുകൾക്കും, ഹോട്ടലുകൾക്കും, ആയുർവേദ മരുന്നു നിർമ്മാണശാലകൾക്കും അനുയോജ്യമായ അടുപ്പുകൾ നിർമ്മിച്ചുനൽകുന്നു.